റോഡുപണി.

182. [13] ശ്രീ. എൻ. ചന്ദ്രശേഖരൻനായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് താലൂക്കിലുള്ള ചായം—പെരിങ്ങമ്മലറോഡ് പണി ആരംഭിച്ചിട്ട് വളരെക്കാലമായിട്ടും പൂർത്തിയാകാതെ കിടക്കുന്ന വിവരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡിന്റെ പ്രാധാന്യത്തെ പരിഗണിച്ച് ഉടനടി പണി പൂർത്തിയാക്കുന്നതിനു ഗവണ്മെൻറ് ശ്രദ്ധിക്കുമോ?

ഉത്തരം.

(എ) ഉണ്ട്.

(ബി) ശ്രദ്ധിക്കുന്നതാണ്.

ഒല്ലൂക്കര ഡെയറിഫാം.

183. [14] ശ്രീ. പി. ആർ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂക്കര ഡെയറിഫാമിൽനിന്നും കഴിഞ്ഞ വർഷത്തിൽ പാൽവിറ്റ തുക സംഖ്യ കിട്ടി; കന്നുകാലികളുടെ ഭക്ഷണച്ചെലവും, ശുശ്രൂഷച്ചെലവുംകൂടി ഏതു സംഖ്യ വന്നിട്ടുണ്ട്;

(ബി) ഒല്ലൂക്കര ഡെയറിഫാമും, ഗോട്ടഫാമും വെറ്ററിനറി ഡിപ്പാർട്ടുമെൻറിന്റെ കീഴിൽ ആണോ;

(സി) അങ്ങനെയാണെങ്കിൽ അവയ്ക്കെല്ലാം Separate management-ന്റെ ആവശ്യമുണ്ടോ?

ഉത്തരം.

(എ) പാൽവിറ്റ കിട്ടിയ തുക രൂ. 31,634–4–0 കന്നുകാലികളുടെ ഭക്ഷണത്തിനും, ശുശ്രൂഷയ്ക്കും ഉൾപ്പെടെ ചെലവായ തുക. രൂ. 32,274–8–0.

(ബി) അതേ.

(സി) Separate management-ന്റെ ആവശ്യമുണ്ട്. ഗോട്ടഫാം ഇൻഡ്യൻ കാർഷികഗവേഷണസമിതിയുടെ ധനസഹായത്തോടുകൂടിയാണ് പ്രവർത്തിക്കുന്നത്. അങ്ങിനെയുള്ള പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പിനു പ്രത്യേക ഉദ്യോഗസ്ഥന്മാർ വേണമെന്നു നിർബന്ധമുണ്ട്.

ഒല്ലൂക്കര സെൻട്രൽ ഫാം.

184. [15] ശ്രീ. പി. ആർ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂക്കര സെൻട്രൽ ഫാമിനകത്ത് എത്ര ഫാമുകൾ ഉണ്ട്;

(ബി) ഈ ഫാമുകൾ എല്ലാം ഒറ്റ മാനേജ്മെൻറിന്റെകീഴിൽ വരുത്തുവാൻ ശ്രമിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം.

(എ) കൃഷിഡിപ്പാർട്ടുമെൻറിന്റെ കീഴിൽ.

(1) ഗവണ്മെൻറ് സെൻട്രൽ ഫാറം.

(2) അടയ്ക്കാ ഗവേഷണകേന്ദ്രം.

(3) കുപ്പ ഗവേഷണഫാറം. അനിമൽ ഹസ്ബൻററി ഡയറക്ടറുടെ കീഴിൽ.

(4) മൂഗവകുപ്പ് കോഴിഫാറം. പ്രിൻസിപ്പാളിന്റെ കീഴിൽ.

(5) ബേസിക്ക് അഗ്രികൾച്ചറൽ സ്കൂൾ.

(ബി) ഈ സ്ഥാപനങ്ങളെല്ലാം ഒരു മാനേജുമെൻറിന്റെ കീഴിലാക്കുന്നതിനെപ്പറ്റി ആലോചിക്കുന്നതാണ്.

മത്സ്യത്തൊഴിലാളികൾ.

185. [16] ശ്രീ. കെ. പി. ഗോപാലമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികൾ ഏർപ്പെട്ടിരിക്കുന്നവരുടെ എണ്ണമെത്ര; അവർ ഉപയോഗിക്കുന്ന വലകളുടേയും, വഞ്ചികളുടെയും എണ്ണമെത്ര; കൊല്ലത്തിൽ എത്ര ടൺ മത്സ്യം ഇവിടെ പിടിക്കുന്നുണ്ട്;

(ബി) വഞ്ചികളും, വലകളും ഇല്ലായ്കകൊണ്ട് തൊഴിലില്ലാത്ത മത്സ്യത്തൊഴിലാളികളുടെ എണ്ണമെത്ര;

(സി) മത്സ്യത്തൊഴിലിനേയും, മത്സ്യത്തൊഴിലാളികളേയും സംബന്ധിക്കുന്ന പ്രശ്നങ്ങളെ ശാസ്ത്രീയമായി കൈകാര്യം ചെയ്യുന്നതിനു് ആവശ്യമായ സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്നതിനുവേണ്ടി സംസ്ഥാനവ്യാപകമായ ഒരു സർവ്വെ നടത്തുവാനും, അടുത്ത സെൻസസ്സിൽ മത്സ്യത്തൊഴിലാളികളുടെ ഇനം തിരിച്ചിടുവാനും ഗവണ്മെൻറ് ഏർപ്പാടു ചെയ്യുമോ?

ഉത്തരം.

(എ) 1951-ലെ സെൻസസ്സിൻപ്രകാരം 78,848.

വഞ്ചികൾ 25,599

വലകൾ 53,679

പൂർണ്ണമായ വിവരം ഇല്ല.

(ബി) മത്സ്യത്തൊഴിലാളികളുടെ എണ്ണം തിട്ടപ്പെടുത്തിയിരിക്കുന്നതു് സ്വന്തമായും മറ്റുള്ളവരെ ആശ്രയിച്ചും തൊഴിൽ നടത്തിവരുന്നവരെ ചേർത്താണു്. ഉപകരണങ്ങളില്ലാത്തതുകൊണ്ടു് തൊഴിലില്ലാത്തവർ എത്ര എന്നതിനു് കണക്കെടുത്തിട്ടില്ല.

(സി) ഇൻഡ്യൻ കാർഷികഗവേഷണകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഈ പ്രശ്നം ശാസ്ത്രീയമായ രീതിയിൽ സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ചുകൊണ്ടിരിക്കുകയാണു്. അടുത്ത സെൻസസ്സിൽ മത്സ്യത്തൊഴിലാളികളുടെ ഇനം തിരിച്ചിടുന്ന കാര്യം ശ്രദ്ധിക്കുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly